# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഡിസംബർ 28

# വാർത്താക്കുറിപ്പ്

---

### ഗവേഷണ പ്രബന്ധങ്ങളുടെ പ്രസിദ്ധീകരണം: കേംബ്രിഡ്ജും എം.ജി. -യും കൈകോർക്കുന്നു ഉദ്ഘാടനം ഇന്ന് (ഡിസംബർ - 29)

ഗവേഷകരുടെയും ഗവേഷണ വിദ്യാർത്ഥികളുടെയും പ്രബന്ധങ്ങൾ അന്തർദേശീയതലത്തിലുള്ള ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്നതിന് സൗകര്യമൊരുക്കി മഹാത്മാഗാന്ധി സർവ്വകലാശാലയും യു.കെ. യിലെ വിഖ്യാതമായ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സും ധാരണയായി. ' റീഡ് ആന്റ് പബ്ലിഷ് പ്രോഗ്രാം' എന്ന പേരിലുള്ള ഈ പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (ഡിസംബർ 29) വൈകിട്ട് മൂന്നിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കും. സർവ്വകലാശാല ഇന്റേർണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ (ഐ.ക്യു.എ.സി.) ആഭിമുഖ്യത്തിൽ ഓൺലൈനായി സംഘടിപ്പിച്ചിട്ടുള്ള ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. പ്രോ-വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ് അക്കാദമിക്-ഗവേഷണ വിഭാഗങ്ങളുടെ മേധാവി അഭയ് പ്രതാപ് സിങ്ങ്, സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, ഐ.ക്യു.എ.സി. ഡയറക്ടർ പ്രൊഫ. റോബിനറ്റ് ജേക്കബ് എന്നിവർ പങ്കെടുക്കും.

ഇതാദ്യമായാണ് കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല കേംബ്രിഡ്ജ് സർവ്വകലാശാല പ്രസ്സുമായി ഇത്തരത്തിലൊരു സംയുക്ത പദ്ധതിയിൽ പങ്കാളിയാകുന്നത്. അന്തർദേശീയതലത്തിൽ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതിനും അത്തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ റഫറൻസിനും മറ്റ് അക്കാദമിക ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതിനും ഗവേഷകർക്ക് അവസരം നൽകുന്നതാണ് പദ്ധതി. നാല്പത്തിനാലായിരത്തിലധികം ഇ-ബുക്കുകളാണ് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷകർക്കും, അദ്ധ്യാപകർക്കും ഗവേഷണ വിദ്യാർത്ഥികൾക്കും പദ്ധതിയിലൂടെ ലഭ്യമാകുന്നത്.

(പി.ആർ.ഒ/39/1638/2021)

### വൈവയ്ക്ക് ഒരവസരം കൂടി

2021 ഡിസംബറിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ ഓൺലൈൻ വൈവ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്നവർക്കും രജിസ്റ്റർ ചെയ്തിട്ടും പങ്കെടുക്കാതിരുന്നവർക്കും ഒരു പ്രാവശ്യം കൂടി വൈവ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ അവസരം. രജിസ്ട്രേഷനുള്ള ഗൂഗിൾ ഫോം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. അവസാന തീയതി ഡിസംബർ 31. നിശ്ചിത തീയതിക്കകം രജിസ്റ്റർ ചെയ്യാത്തവർക്ക് ഇനി വൈവയ്ക്ക് അവസരം ഉണ്ടാകില്ലെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/1639/2021)

### പരീക്ഷാഫലം

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എസ്. - 2019 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1640/2021)

2021 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ്. - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ,

2021 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ്. - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി ഏഴ് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1642/2021)

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിന്ദി (പി.ജി.സി.എസ്.എസ്. - റെഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1643/2021)

2021 ആഗസ്റ്റിൽ എറണാകുളം ഗവ. ലോ കോളേജ്, തൊടുപുഴ അൽ-അസർ ലോ കോളേജ്, കാണക്കാരി സി.എസ്.ഐ. കോളേജ് ഫോർ ലീഗൽ സ്റ്റഡീസ് എന്നീ സെന്ററുകളിൽ നടന്ന നാലാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 11 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാം

(പി.ആർ.ഒ/39/1644/2021)

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. - ഫിസിക്സ് (പി.ജി.സി.എസ്.എസ്. - റെഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1645/2021)

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. സൈക്കോളജി (പി.ജി.സി.എസ്.എസ്. - റെഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1646/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ